LIBRARY ARCHIVES Kerala Legislative Assembly

ഹക്കീം വധം CBI-യെക്കൊണ്ട് ഏറ്റെടുപ്പിക്കാനുള്ള നടപടി

251 (255) ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കൊറ്റിയിൽ കൊലചെയ്യപ്പെട്ട അബ്ദുൾ ഹക്കീമിന്റെ കൊലപാതകം CBI-ക്ക് കൈമാറിയിട്ടും CBI ഏറ്റെടുക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) ഹക്കീം വധം CBI-യെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഹക്കീം വധവുമായി ബന്ധപ്പെട്ട് പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം നമ്പർ 142/2014 കേസിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് 14-11-2014-ലെ G.O. (Ms) No. 227/2014/Home പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 3-12-2014-ൽ പ്രസ്തുത വിജ്ഞാപനം കേന്ദ്ര സർക്കാരിന് കൈമാറുകയും ചെയ്തിട്ടുണ്ട്. 7-5-2015-ൽ വീണ്ടും കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തോട് ടി കേസ് CBI-ക്ക് കൈമാറിയിട്ടുണ്ടോയെന്ന വിവരം ആരാഞ്ഞിരുന്നുവെങ്കിലും ഇത് സംബന്ധിച്ച് CBI-യിൽ നിന്നും നാളിതുവരെയായി അറിയിപ്പുകളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. കേസുകളുടെ ബാഹുല്യം നിമിത്തം സംസ്ഥാന സർക്കാർ റഫർ ചെയ്യുന്ന എല്ലാ കേസുകളും സി.ബി.ഐ. ഏറ്റെടുക്കാറില്ല. പരാമർശ കേസ് സി.ബി.ഐ. ഏറ്റെടുത്തിട്ടില്ലെന്ന നിഗമനത്തിൽ പൂർണ്ണമായും എത്തിച്ചേരാൻ ഇപ്പോൾ സാധിക്കുകയില്ല.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനുള്ള കേന്ദ്ര ഫണ്ട്

252 (256) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ 2011 മുതൽ 2015 വരെയുള്ള കാലയളവിൽ ഓരോ വർഷവും എത്ര യുക കേന്ദ്രഫണ്ടായി അനുവദിച്ചു ; എത്ര യുക ലാപ്സായി ; വിശദാംശം നൽകുമോ ;

(ബി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ഏതെല്ലാം ആയിരുന്നു ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?